## ഗൃഹശ്രീ ഭവന പദ്ധതി

**206 (3867)** ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗൃഹശ്രീ ഭവനപദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) ഈ പദ്ധതിയിൽ എത്ര വീടുകൾ നിർമ്മിക്കാനാണ് കഴിഞ്ഞ ബജറ്റിൽ വിഭാവനം ചെയ്തിരുന്നത് ;

(സി) ഇതിൽ എത്ര വീടുകൾ നിർമ്മിക്കാൻ തുക നൽകാൻ കഴിഞ്ഞു ; ഇതിന്റെ ജില്ലതിരിച്ചുള്ള കണക്ക് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2013-14 സാമ്പത്തിക വർഷത്തെ ബജറ്റിൽ 1050 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. ടി തുക 525 വീടുകൾക്ക് 2 ലക്ഷം രൂപ നിരക്കിൽ സർക്കാർ സബ്സിഡി ലഭ്യമാക്കാനായി വിനിയോഗിച്ചുവരുന്നു. 2014-15 വർഷത്തെ ബജറ്റിൽ 1419 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ടി തുക വിനിയോഗിച്ചുകൊണ്ട് 709 വീടുകൾക്ക് 2 ലക്ഷം രൂപ നിരക്കിൽ സർക്കാർ സബ്സിഡി ലഭ്യമാക്കുന്നതാണ്.

(സി) ഗൃഹശ്രീ ഭവന പദ്ധതിയിലെ ഗുണഭോക്തൃ വിഹിതമടച്ച 297 പേരിൽ യോഗ്യത മാനദണ്ഡങ്ങൾ പാലിച്ച 281 പേർക്ക് ഒന്നാം ഗഡുവും, 124 പേർക്ക് രണ്ടാം ഗഡുവും, 35 പേർക്ക് മൂന്നാം ഗഡുവും 6 പേർക്ക് നാലാം ഗഡുവും നൽകിയിട്ടുണ്ട്.

17-6-2014-ലെ കണക്കുപ്രകാരം ആനുകൂല്യം ലഭിച്ചവരുടെ ജില്ല തിരിച്ചുള്ള കണക്ക്

| ജില്ല | അനുവദിച്ച തുക |
|---|---|
| (1) | (2) |
| ആലപ്പുഴ | 2850000 |
| എറണാകുളം | 400000 |
| ഇടുക്കി | 550000 |
| കണ്ണൂർ | 1550000 |
| കാസർഗോഡ് | 450000 |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) |
|---|---|
| കൊല്ലം | 7100000 |
| കോട്ടയം | 200000 |
| കോഴിക്കോട് | 2050000 |
| മലപ്പുറം | 1950000 |
| പാലക്കാട് | 2400000 |
| പത്തനംതിട്ട | 2750000 |
| തിരുവനന്തപുരം | 7750000 |
| തൃശ്ശൂർ | 300000 |
| വയനാട് | 550000 |
| ആകെ | 3,08,50,000 |

## ഗൃഹശ്രീ പദ്ധതി ഗുണഭോക്താക്കൾ

207 (3868) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗൃഹശ്രീ പദ്ധതി എന്നുമുതലാണ് നടപ്പിലാക്കിത്തുടങ്ങിയത് ;

(ബി) ഗൃഹശ്രീ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളെന്തൊക്കെയാണ് ;

(സി) ഗൃഹശ്രീ പദ്ധതിപ്രകാരം ഒരു ഗുണഭോക്താവിന് ലഭിക്കുന്ന ആനുകൂല്യം എത്രയാണ് ;

(ഡി) ഗൃഹശ്രീ പദ്ധതിപ്രകാരം ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ;

(ഇ) ഗൃഹശ്രീ പദ്ധതിപ്രകാരം ആനുകൂല്യത്തിന് അപേക്ഷ നൽകേണ്ടത് എവിടെയാണ് ;

(എഫ്) ഗൃഹശ്രീ പദ്ധതിപ്രകാരം ആനുകൂല്യത്തിന് ഓരോ ജില്ലയിലും ഇപ്പോൾ എത്രപേർ അപേക്ഷ നൽകിയിട്ടുണ്ട് ;

(ജി) നാളിതുവരെ ഓരോ ജില്ലയിലും എത്രപേർക്ക് ആനുകൂല്യം നൽകിയെന്നും ആകെ എത്ര തുകയുടെ ആനുകൂല്യം വിതരണം ചെയ്തെന്നും ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly